**വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല**
**കോഓർഡിനേഷൻ സമിതി**

**03.12. 2014 ൽ കൂടിയ സംസ്ഥാനതല കോ–ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗ നടപടിക്കുറിപ്പ്**

യോഗം വൈകുന്നേരം 4.15–ന് ബഹു.നഗരകാര്യ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നിയമസഭാ സമുച്ചയത്തിലെ 624–ാം കോൺഫറൻസ് ഹാളിൽ ആരംഭിച്ചു. ബഹു. പഞ്ചായത്ത് വകുപ്പുമന്ത്രിയും യോഗത്തിൽ സന്നിഹിത നായിരുന്നു.

1. സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.11.2014–ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

2. **പൊതുവിഷയങ്ങൾ**

2.1 ഇ–ടെണ്ടറിംഗ് നടപടികൾ

എല്ലാ ജില്ലാ പഞ്ചായത്തുകളിലും എല്ലാ കോർപ്പറേഷനുകളിലും ഇ–ടെണ്ടർ നടപടികൾ പുരോഗമിക്കുന്നുണ്ടെന്നും, എന്നാൽ 978 ഗ്രാമപഞ്ചായത്തുകളിൽ 182 ലും, 152 ബ്ലോക്ക് പഞ്ചായത്തുകളിൽ 41ലും, 60 മുനിസിപ്പാലിറ്റികളിൽ 28ലും മാത്രമാണ് ഇ–ടെണ്ടർ നടപടി ആരംഭിച്ചിട്ടുള്ളതെന്നും 5 മുനിസിപ്പാലിറ്റികളിൽ കോടതി ഉത്തരവു മൂലം ഇ–ടെണ്ടർ നടപടി സ്റ്റേ ചെയ്തിട്ടുണ്ടെന്നും യോഗത്തിൽ എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തു. എഞ്ചിനീയർമാർക്ക് ഡിജിറ്റൽ സിഗ്നേച്ചർ ലഭിച്ചിട്ടും 323 തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഇ–ടെണ്ടർ നടപടി ആരംഭിച്ചിട്ടില്ല എന്ന വസ്തുത യോഗം ഗൗരവപൂർവ്വം വീക്ഷിച്ചു. പ്രസ്തുത എഞ്ചിനീയർമാരിൽ നിന്ന് വിശദീകരണം തേടാനും അനന്തര നടപടി സംബന്ധിച്ച് വിശദമായ റിപ്പോർട്ട് കോഓർഡിനേഷൻ കമ്മിറ്റി മുമ്പാകെ സമർപ്പിക്കാനും യോഗം ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. ഇ–ടെണ്ടർ മുഖേന പൊതുമരാമത്ത് പ്രവൃത്തികൾ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നടപ്പിലാക്കുക എന്നത് സർക്കാരിന്റെ നയപരമായ തീരുമാനമാണ്. ഏതെങ്കിലും തദ്ദേശഭരണ സ്ഥാപനത്തിന് പ്രത്യേക സാഹചര്യങ്ങളിൽ നടപ്പുസാമ്പത്തിക വർഷം ഇ–ടെണ്ടർ അവലംബിക്കാൻ കഴിയുന്നില്ലെങ്കിൽ അതു കാര്യകാരണ സഹിതം വിശദീകരിച്ച് ഭരണ സമിതി തീരുമാനം കൈക്കൊണ്ട് മാനുവൽ ടെണ്ടർ അനുവർത്തിക്കാമെന്ന് യോഗം നിർദ്ദേശിച്ചു. എന്നാൽ ഈ ആനുകൂല്യം 2014–15 വർഷത്തേയ്ക്ക് മാത്രമേ ബാധകമാക്കുകയുള്ളൂവെന്നും 2015–16 സാമ്പത്തിക വർഷം എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ഇ–ടെണ്ടർ തന്നെ അവലംബിക്കേണ്ടതാണെന്നും യോഗം തീരുമാനിച്ചു. ഈ വർഷം ഇ–ടെണ്ടർ നടപടി പൂർത്തിയാക്കിയിട്ടുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾ മാനുവൽ ടെണ്ടറിലേയ്ക്ക് മടങ്ങി വരുന്നത് ഒരു കാരണവശാലും അനുവദിക്കുകയില്ലെന്നും യോഗം തീരുമാനിച്ചു.

2.2 **പദ്ധതി നിർവഹണ പുരോഗതി അവലോകനം**

സംസ്ഥാനത്തെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും 2014–15 സാമ്പത്തിക വർഷത്തെ ആകെ ചെലവ് 1512.41 കോടി രൂപയാണ്. ഗ്രാമപഞ്ചായത്തുകൾ 878.92 കോടി രൂപയാണ് ചെലവഴിച്ചത്. ഇത് 24.37 ശതമാനമാണ്. മുൻവർഷം ഇതേ കാലയളവിൽ ചെലവിന്റെ ശതമാനം 27.09 ആണ്. ബ്ലോക്ക് പഞ്ചായത്തുകൾ 203 കോടി രൂപയും (33.73 ശതമാനം, മുൻവർഷം 38 ശതമാനം), ജില്ലാ പഞ്ചായത്തുകൾ 257.95 കോടി രൂപയും (20.44 ശതമാനം) ചെലവഴിച്ചു. മുനിസിപ്പാലിറ്റികൾ 133.73 കോടി രൂപയും (23.5 ശതമാനം, മുൻ വർഷം 24.1 ശതമാനം), കോർപ്പറേഷനുകൾ 55.03 കോടി രൂപയും (18 ശതമാനം, മുൻ വർഷം 17ശതമാനം) ആണ് ചെലവഴിച്ചത്.

**2.3 തെരുവുവിളക്കുകളുടെ പരിപാലനം**

തെരുവുവിളക്കുകളുടെ പരിപാലനം സംബന്ധിച്ച് മാർഗരേഖയിൽ നിലനിൽക്കുന്ന ആശയക്കുഴപ്പങ്ങൾ പരിഹരിക്കുന്നിതിനായി ഇനി പറയുന്ന തീരുമാനങ്ങൾ യോഗം കൈക്കൊണ്ടു. പുതിയ സ്ട്രീറ്റ് മെയിനുകൾ വലിച്ച് തെരുവുവിളക്കുകൾ സ്ഥാപിക്കുന്ന സ്ഥാനങ്ങളിൽ എൽ.ഇ.ഡി. ലാമ്പ് സ്ഥാപിക്കേണ്ടതാണ്. നിലവിലുള്ള ട്യൂബ്സെറ്റ്, സി.എഫ്.എൽ ലാമ്പുകൾക്ക് തകരാറു സംഭവിച്ചാൽ അതേതരം ലാമ്പുകൾ തന്നെ അവിടങ്ങളിൽ സ്ഥാപിച്ചാൽ മതിയാകും. കെൽട്രോണിലോ, ക്രൂസിലോ, ഇലക്ട്രിക്കൽ ലാമ്പുകൾ ലഭ്യമല്ലെന്നു കണ്ടാൽ ഗ്രാമപഞ്ചായത്തുകൾക്ക് അവ പൊതു വിപണിയിൽ നിന്നും വാങ്ങാവുന്നതാണ്. ഈ ഭേദഗതികൾ സർക്കാർ ഉത്തരവായി പുറപ്പെടുവിക്കാൻ യോഗം നിർദ്ദേശിച്ചു.

**3 പ്രത്യേക വിഷയങ്ങൾ**

**3.1 ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ കത്ത്**

നിലവിലുണ്ടായിരുന്ന നിർമ്മൽ ഭാരത് അഭിയാൻ പദ്ധതി പുനഃസംഘടിപ്പിച്ച് 02.10.2014 മുതൽ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) എന്ന പുതിയ പദ്ധതിയായി മാറുകയും, ജലസംഭരണ സംവിധാനം കൂടി ചേർത്ത് ഗാർഹിക കക്കൂസിന്റെ യൂണിറ്റ് കോസ്റ്റ് 15400 രൂപയായി ഉയർത്തുകയും അതിൽ 12000 രൂപ കേന്ദ്ര വിഹിതമായി ലഭിക്കുകയും ചെയ്ത സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തുകൾക്ക് തങ്ങളുടെ പദ്ധതി രേഖകളിൽ ഭേദഗതി വരുത്താനും, ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് പ്രോജക്ട് നിർവഹണം നടത്താനും അനുവദിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.2 ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത്**

മഹാത്മാ ഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ വേതനം നൽകുന്നതിനായി ഉപയോഗിച്ചതും സർക്കാരിൽ നിന്ന് തിരികെ കിട്ടിയതിന്റെ അടിസ്ഥാനത്തിൽ മെയിന്റനൻസ് ഗ്രാന്റിൽ മിച്ചമുള്ളതുമായ 801730 രൂപ ഉപയോഗിച്ച് അഞ്ച് അംഗൻവാടികളിൽ അറ്റകുറ്റപ്പണി നടത്തുന്നതിനും ഒരു അംഗൻവാടിയിൽ ചുറ്റുമതില് നിർമ്മിക്കുന്നതിനും അനുവദിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.3 ചവറ ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.75521/ഡി.ഡി.2/14/തസ്വഭവ)**

തെക്കുംഭാഗം പി.എച്ച്.സി.യെ 2008-ൽ സി.എച്ച്.സി ആയി അപ്ഗ്രേഡ് ചെയ്ത സാഹചര്യത്തിൽ അതിന്റെ നിയന്ത്രണം സ്വാഭാവികമായും ബ്ലോക്ക് പഞ്ചായത്തിനാണെന്ന് യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 ബഹു. എം.എൽ.എ. ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ കത്ത്**

തലശ്ശേരി ജനറൽ ആശുപത്രി മാറ്റി സ്ഥാപിക്കുന്നതിന് 5 ഏക്കർ സ്ഥലം ആർജിക്കുന്നതിന് തലശ്ശേരി താലൂക്കിലെ ഗ്രാമപഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകളും മുനിസിപ്പാലിറ്റിയും കണ്ണൂർ ജില്ലാ പഞ്ചായത്തും തനത് ഫണ്ടിൽ നിന്ന് സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത്**

രണ്ട് സ്റ്റേഡിയങ്ങളുടെ നിർമ്മാണം ഏറ്റെടുക്കേണ്ടതില്ലെന്നും, മുതിർന്ന പൗരന്മാർക്കായുള്ള റിക്രിയേഷൻ സെന്റർ പ്രോജക്ട് ഗ്രാമപഞ്ചായത്തുമായി ചേർന്ന് സംയുക്ത പ്രോജക്ടായി ഏറ്റെടുക്കുന്നതിനും, കിണർ നവീകരണ പദ്ധതി വികസന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്നതിനും അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 പരപ്പ ബ്ലോക്ക് പഞ്ചായത്ത്**

കളിയൂഞ്ഞാൽ പദ്ധതിക്ക് സാധൂകരണം ആവശ്യപ്പെട്ട വിഷയം 13.08.2014–ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ ഇനം 3.6 ആയി ചർച്ച ചെയ്യുകയും ഗ്രാമവികസന കമ്മീഷണറുടെ റിപ്പോർട്ട് ലഭ്യമാക്കാൻ തീരുമാനിക്കുകയും ചെയ്തിരുന്നതാണ്. റിപ്പോർട്ട് ലഭിച്ചിട്ടില്ലെങ്കിലും ആയത് സർക്കാരിൽ സമർപ്പിച്ചതായി ഗ്രാമവികസന കമ്മീഷണർ യോഗത്തെ അറിയിച്ചു. നോൺ റോഡ് മെയിന്റനൻസ് ഉപയോഗിച്ച് 2013–14–ൽ നടപ്പാക്കിയ 977000 രൂപയുടെ അംഗൻവാടികൾക്ക് കളിയൂഞ്ഞാൽ പ്രോജക്ടിന് സാധൂകരണം നൽകാനും, 2014–15–ൽ ഏറ്റെടുത്ത അംഗൻവാടികൾക്ക് കളിയൂഞ്ഞാൽ എന്ന 5 ലക്ഷം രൂപയുടെ പ്രോജക്ടിന് അനുമതി നൽകാനും ഗ്രാമവികസന കമ്മീഷണർ ശുപാർശ ചെയ്ത് യോഗം അംഗീകരിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറുടെ കത്ത്**

വയനാട് ജില്ലയിൽ ഒന്നാം ഗ്രേഡ് ഓവർസീയർമാരുടെ ഒഴിവു നികത്തുന്നതിന് ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം നടത്താൻ അനുവദിക്കണമെന്ന ആവശ്യം ഭരണ വകുപ്പുതലത്തിൽ പരിശോധിച്ച് നടപടി സ്വീകരിക്കാൻ യോഗം നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

(യോഗം വൈകുന്നേരം 4.45 ***ന്*** അവസാനിച്ചു)

***അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയോഗം 2014 ഡിസംബർ 10ന്***

***അസംബ്ലി മന്ദിരത്തിലെ ബഹു. പഞ്ചായത്ത്വകുപ്പുമന്ത്രിയുടെ ചേംബർ 3.30ന് മണിക്ക് കൂടുന്നതാണ്.***